**No. CEE/4848/2013/KEAM-2014/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## മെഡിക്കൽ / എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ കോഴ്സ് പ്രവേശനം–2014
## ഓപ്ഷൻ സമർപ്പണം തുടരുന്നു.

സംസ്ഥാനത്തെ മെഡിക്കൽ / എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി 16.06.2014 മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ ക്ഷണിച്ചിട്ടുണ്ട്. ഇതുവരെ **12,49,640** ഓപ്ഷനുകൾ വിവിധ കോഴ്സ്/കോളേജ് പ്രവേശനത്തിനായി ലഭിച്ചിട്ടുണ്ട്. ഓപ്ഷൻ സമർപ്പണത്തിനുള്ള സമയം 23.06.2014 വൈകുന്നേരം 5 മണി വരെയാണ് ലഭ്യമാക്കുന്നത്. അതുവരെ ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം അലോട്ട്മെന്റ് 25.06.2014 നു പ്രസിദ്ധീകരിക്കുന്നതാണ്. ബഹു: സുപ്രീം കോടതി നിശ്ചയിച്ച ഷെഡ്യൂൾ പ്രകാരം 25.06.2014 ന് മുൻപായി ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ ഓപ്ഷൻ സമർപ്പണത്തിനുള്ള സമയപരിധി ഒരു കാരണവശാലും ദീർഘിപ്പിക്കുന്നതല്ല. ആയതിനാൽ പ്രൊഫഷണൽ കോഴ്സ് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ അപേക്ഷാർത്ഥികളും നിശ്ചിത സമയത്തിനു മുൻപായി അവരവരുടെ ഓപ്ഷനുകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. **23.06.2014 വൈകുന്നേരം 5 മണിയ്ക്ക്** ശേഷം ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സുകളിലേയ്ക്കോ കോളേജുകളിലേയ്ക്കോ പിന്നീട് ഒരു ഘട്ടത്തിലും ഓപ്ഷനുകൾ നൽകാൻ കഴിയുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
20.06.2014